# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 637

02.11.2016 ൽ മറുപടിയ്ക്ക്

## കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എജ്യൂക്കേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.സ്വരാജ്<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീ.കെ. ദാസൻ<br>ശ്രീ.എ.എൻ.ഷംസീർ | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എജ്യൂക്കേഷൻ (കേപ്പ്), അതിന്റെ സ്ഥാപിത ലക്ഷ്യങ്ങൾ നിറവേറ്റുന്നതിൽ എത്രമാത്രം വിജയി ച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) എഞ്ചിനീയറിംഗ്, ആരോഗ്യ വിദ്യാഭ്യാസം, മാനേജ്മെന്റ് തുടങ്ങി വിവിധ സാങ്കേതിക മേഖലയിൽ സ്ഥാപനങ്ങൾ ആരംഭിച്ച് അതിന്റെ മേൽനോട്ടവും നടത്തിപ്പുമാണ് കേപ്പിന്റെ സ്ഥാപിത ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി 9 എഞ്ചിനീയറിംഗ് കോളേജുകളും ഒരു എം.ബി.എ ഇൻസ്റ്റിറ്റ്യൂട്ടും ഒരു ഫിനിഷിംഗ് സ്കൂളും നടത്തിവരുന്നു കേപ്പ് ആരംഭിച്ച സഹകരണ മെഡിക്കൽ കോളേജ്, കൊച്ചി, ആരോഗ്യ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കൈമാറുകയും പുന്നപ്ര സാഗര ആശുപത്രി കേപ്പിന്റെ അധീനതയിൽ തന്നെ നിലനിർത്തി പ്രവർത്തിപ്പിച്ച് വരുകയുമാണ്. |
| (ബി) നിലവിൽ കേപ്പിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ ഏതൊക്കെ യെന്നും ഈ സ്ഥാപനങ്ങൾ മുൻ സർക്കാരിന്റെ കാലത്ത് നേരിട്ടിരുന്ന പ്രശ്നങ്ങൾ എന്തൊക്കെ യായിരുന്നെ ന്നും അറിയിക്കാമോ; | (ബി) നിലവിൽ കേപ്പിന്റെ കീഴിൽ 12 സ്ഥാപനങ്ങളാണുള്ളത്. ആയതിന് പുറമെ പുതിയ എൻജിനിയറിങ് കോളേജുകൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു വേണ്ടത്ര സാദ്ധ്യതാപഠനങ്ങൾ കൂടാതെ പുതിയ കോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചത് കേപ്പിന്റെ സാമ്പത്തിക ബാദ്ധ്യത കൂട്ടിയിട്ടുണ്ട്. നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന പുന്നപ്ര സാഗര ആശുപത്രിയുടെ പ്രവർത്തനം, ആവശ്യമായ ഡോക്ടർമാരെ യഥാസമയം നിയമിക്കാത്തതിനാലും കെടുകാര്യസ്ഥത കൊണ്ടും മന്ദീഭവിക്കുകയും കിടങ്ങൂർ എഞ്ചിനീയറിംഗ് കോളേജ് ക്യാന്റീൻ ബ്ലോക്കിന്റെ നിർമ്മാണപ്രവർത്തനങ്ങളിൽ ആക്ഷേപമുണ്ടാവുകയും ചെയ്തു. കേപ്പിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |
| (സി) ഈ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ വിശദമാക്കാമോ; | (സി) സാദ്ധ്യതാപഠനം നടത്തി വിജയിക്കുമെന്ന് ഉറപ്പായാൽ മാത്രമേ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുകയുള്ളൂ എൻജിനീയറിങ് കോളേജുകളിലെ പഠനനിലവാരം ഉയർത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കും. ഇതു സംബന്ധിച്ച വിശദാംശം അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. |

(ഡി) സഹകരണ സ്ഥാപനങ്ങൾ പൊതുവിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനായി ഈ സർക്കാർ തയ്യാറാക്കിയിരിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

(ഡി) സഹകരണ സ്ഥാപനങ്ങൾ നിലവിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

1. സഹകരണ സ്ഥാപനങ്ങളുടെ ആധുനികവത്ക്കരണം നടപ്പിലാക്കുക.
2. കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണവും വിപണനവും ശക്തിപ്പെടുത്തുന്നതിന് സുവർണ്ണം സ്റ്റോറുകൾ ആരംഭിക്കുക.
3. കൺസ്യൂമർഫെഡിലെ അഴിമതിയും ക്രമക്കേടും ഒഴിവാക്കി ജനോപകാരപ്രദമായ സ്ഥാപനമാക്കി മാറ്റുക
4. അപ്പക്സ് സംഘങ്ങളുടെ പ്രവർത്തനം നവീകരിക്കുന്നതിനായി ഇ-കോമേഴ്സ് പദ്ധതികൾ നടപ്പിലാക്കുക
5. സംഘങ്ങൾക്ക് കൂടുതൽ ഫണ്ട് സ്വരൂപിക്കുന്നതിനായി നിക്ഷേപ സമാഹരണ പദ്ധതി നടപ്പിലാക്കുക
6. വായ്പാ കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കുക.
7. ഗ്രാമീണ മേഖലയിൽ സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക
8. കേപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ധനസഹായം നൽകുക.
9. റബ്ബർമാർക്ക് നേരിടുന്ന പ്രശ്നങ്ങൾക്ക് ധനസഹായം നൽകുകയും, പുതിയ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യുക.
10. സ്കൂൾ കോളേജ് സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് ആവശ്യമായ ധനസഹായം നൽകുക.
11. സഹകരണ ക്ഷേമ ബോർഡുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയെ ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുക.
12. സഹകരണ മേഖലയിലെ സമഗ്ര പുരോഗതിയ്ക്കായി കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിക്കുക തുടങ്ങിയ പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ

അനുബന്ധം - I

## കേപ്പിന്റെ അധീനതയിലുള്ള സ്ഥാപനങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തുടങ്ങിയ വർഷം |
|---|---|---|
| 1 | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, വടകര | 1999-2000 |
| 2 | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പെരുമൺ | 2000-2001 |
| 3 | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കിടങ്ങൂർ | 2000-2001 |
| 4 | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തലശ്ശേരി | 2000-2001 |
| 5 | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തൃക്കരിപ്പൂർ | 2000-2001 |
| 6 | കോളേജ് ഓഫ് എഞ്ചിനീയറിംഗ് & മാനേജ്മെന്റ്, പുന്നപ്ര | 2008-2009 |
| 7 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജി, പുന്നപ്ര | 2009-2010 |
| 8 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേക്കിംഗ് ദി ബസ്റ്റ്, പുന്നപ്ര | 2009-2010 |
| 9 | സാഗര പുന്നപ്ര കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, പുന്നപ്ര | 2010-2011 |
| 10 | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പത്തനാപുരം | 2011-2012 |
| 11 | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ആറന്മുള | 2013-2014 |
| 12 | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, മുട്ടത്തറ | 2016-2017 |

മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്കു പുറമെ തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിലും എഞ്ചിനീയറിംഗ് കോളേജ് തുടങ്ങുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം - II

എ) മുഴുവൻ അദ്ധ്യാപകർക്കും ട്രെയിനിംഗ് നൽകുവാൻ തിരുമാനിച്ചു. റ്റി.ഇ.ക്യൂ ഐ പി/ക്യൂ ഐ പി കൂടാതെ ഇതര ഫണ്ടുകളും ഇതിനായി വിനിയോഗിക്കുന്നതാണ്.

ബി) അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ മുഴുവൻ അഡ്ഹോക്ക് ഒഴിവുകളും നികത്തി.

സി) അഡ്ഹോക്ക് അസിസ്റ്റന്റ് പ്രൊഫസർ നിയമനങ്ങൾക്ക് മാനദണ്ഡം നിശ്ചയിക്കുകയും അതു പ്രകാരം നിയമനം നടത്തുകയും ചെയ്തു.

ഡി) കേപ്പിലെ അദ്ധ്യാപക ജീവനക്കാർക്കായി കരിയർ അഡ്വാൻസ്മെനറ് സ്കീം നടപ്പിലാക്കാൻ തീരുമാനിച്ചു.

ഇ) പ്രൊഫസർ തസ്തികകൾ നികത്താൻ നടപടികൾ സ്വീകരിച്ചു.

എഫ്) എഞ്ചിനീയറിംഗ് കോളേജുകളിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് ക്യാമ്പസ് സെലക്ഷൻ പോലെ അവരുടെ മികവ് പ്രകടിപ്പിക്കാൻ ഉതകുന്ന പരിശീലന പരിപാടിയായ കേന്ദ്രീകൃത പ്ലേയിസ്മെന്റ് ഡ്രൈവ് നടപ്പിലാക്കാൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി 1000 ഓളം കുട്ടികൾക്ക് എംപ്ലോയ്മെന്റ് സ്കിൽ ട്രെയിനിംഗ് നൽകി അവരെ പ്ലേയിസ്മെന്റ് ഡ്രൈവിൽ പങ്കെടുക്കാൻ സജ്ജരാക്കി.

ജി) എന്റർപ്രണർ ഡവലപ്മെന്റ്, സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ, പുതിയ സംരംഭകർക്കായിട്ടുള്ള സ്റ്റാർട്ടപ് ക്ലബുകൾ എന്നിവ ആരംഭിച്ചു.

എച്ച്) പ്രധാനപ്പെട്ട 5 എഞ്ചിനീയറിംഗ് കോളേജുകൾക്ക്, ഐ.എസ്.ഒ സർട്ടിഫിക്കേഷൻ, എൻ.ബി.എ അക്രെഡിഷൻ എന്നിവ ലഭിക്കുവാനുള്ള നടപടികൾ ആരംഭിച്ചു.

ഐ) ഉന്നത വിദ്യാഭ്യാസം നേടുന്നതിന് പി.എച്ച്.ഡി/എം.ടെക് പ്രവേശനം ലഭിച്ച മുഴുവൻ അദ്ധ്യാപകർക്കും അനുമതി നൽകി.

ജെ) സാഗര ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ 08.08.2016-ൽ ഉന്നതതല സമിതി യോഗം ചേർന്ന് തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ